REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 22-03-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- ഡൽഹി മദ്യനയ കേസിൽ മുഖ്യമന്ത്രി അരവിന്ദ് കെജരിവാളിനെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറസ്റ്റു ചെയ്തു.
- ഹെയ്ത്തിയിൽ നിന്ന് ഇന്ത്യക്കാരെ ഡൊമിനിക്കൻ റിപ്പബ്ലിക്കിലെത്തിക്കാൻ ഇന്ത്യ ഓപ്പറേഷൻ ഇന്ദ്രാവതി ദൗത്യം ആരംഭിച്ചു.
- BJPയും കോൺഗ്രസും കൂടുതൽ ലോക്സഭാ സ്ഥാനാർത്ഥികളുടെ പട്ടിക പുറത്തിറക്കി.
- സംസ്ഥാനത്തെ തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി. മീഡിയ സെർട്ടിഫിക്കേഷൻ സെല്ലുകൾ ജില്ലകളിൽ പ്രവർത്തനമാരംഭിച്ചു.
- IPL ട്വന്റി-20 ക്രിക്കറ്റ് 17-ാം സീസൺ മൽസരങ്ങൾക്ക് ഇന്ന് തുടക്കമാകും.

## വാർത്തകൾ വിശദമായി

മദ്യനയ കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാളിനെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറസ്റ്റു ചെയ്തു. ഇന്നലെ വൈകിട്ട് ഡൽഹിയിൽ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ തെരച്ചിലിനു ശേഷമാണ് E D സംഘം കെജരിവാളിന്റെ അറസ്റ്റു രേഖപ്പെടുത്തിയത്. നേരത്തെ മദ്യനയവുമായി ബന്ധപ്പെട്ട കള്ളപ്പണ ഇടപാടിൽ ഹാജരാകാൻ ഒൻപതു തവണ കെജരിവാളിന് ED സമൻസ് നൽകിയിരുന്നു. എന്നാൽ സമൻസുകൾ രാഷ്ട്രീയപ്രേരിതവും, നിയമവിരുദ്ധവുമാണെന്ന് കുറ്റപ്പെടുത്തി അദ്ദേഹം ഒരിക്കൽ പോലും ഹാജരായില്ല. ED യുടെ

നിർബന്ധിത നടപടിയിൽ നിന്ന് സംരക്ഷണം നൽകണമെന്ന കെജരിവാളിന്റെ ആവശ്യം ഡൽഹി ഹൈക്കോടതി നിരസിച്ച് മണിക്കൂറുകൾക്കകമാണ് അറസ്റ്റ്.

കെജരിവാളിന്റെ അറസ്റ്റിനെതിരെ സുപ്രീംകോടതിയെ സമീപിക്കുമെന്ന് ആം ആദ്മി പാർട്ടി നേതാവും, ഡൽഹി മന്ത്രിയുമായ അതിഷി അറിയിച്ചു. കേസ് അടിയന്തരമായി പരിഗണിക്കണമെന്ന് സുപ്രീംകോടതിയോട് ആവശ്യപ്പെടും. കോൺഗ്രസ് ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധിയും അറസ്റ്റിനെ അപലപിച്ചു. ഭരണഘടനാ വിരുദ്ധവും, തെറ്റായതുമായ നടപടിയുമാണ് അറസ്റ്റെന്ന് അവർ കുറ്റപ്പെടുത്തി. അതേസമയം അഴിമതിക്കെതിരായ നിയമ നടപടിയുടെ ഭാഗമാണ് അറസ്റ്റെന്നും നിയമം നിയമത്തിന്റെ വഴിയ്ക്ക് പോകുമെന്നും മുതിർന്ന BJP നേതാവ് രവിശങ്കർ പ്രസാദ് പറഞ്ഞു.

✪✪✪

അരവിന്ദ് കെജരിവാളിന്റെ അറസ്റ്റ് പ്രതിപക്ഷ ശബ്ദത്തെ നിശബ്ദമാക്കാൻ നടത്തുന്ന നീക്കമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കുറ്റപ്പെടുത്തി. ജനാധിപത്യ വിശ്വാസികൾ ഇതിനെതിരെ ഒറ്റക്കെട്ടായി പ്രതിഷേധിക്കണമെന്ന് പിണറായി വിജയൻ ആഹ്വാനം ചെയ്തു. അറസ്റ്റിൽ പ്രതിഷേധിച്ച് CPIM തിരുവനന്തപുരത്ത് ഇന്നലെ രാത്രി പ്രകടനം നടത്തി.

കെജരിവാളിന്റെ അറസ്റ്റ് രാഷ്ട്രീയപ്രേരിതമാണെന്ന് പ്രതിപക്ഷ നേതാവ് V D സതീശൻ തിരുവനന്തപുരത്ത് വാർത്താക്കുറിപ്പിൽ കുറ്റപ്പെടുത്തി. അന്വേഷണ ഏജൻസികളെ ഉപയോഗിച്ച് എതിർശബ്ദങ്ങളെ അടിച്ചമർത്തുന്ന നയമാണിതെന്ന് സതീശൻ പറഞ്ഞു.

✪✪✪

കലാപവും സംഘർഷങ്ങളും നേരിടുന്ന ഹെയ്ത്തിയിൽ നിന്ന് ഇന്ത്യക്കാരെ സുരക്ഷിതമായി ഡൊമിനിക്കൻ റിപ്പബ്ലിക്കിലെത്തിക്കാൻ ഇന്ത്യ ഓപ്പറേഷൻ ഇന്ദ്രാവതി ദൗത്യം ആരംഭിച്ചു. 12 ഇന്ത്യക്കാരെ ഇന്നലെ ഒഴിപ്പിച്ചതായി കേന്ദ്രമന്ത്രി ഡോ. S ജയശങ്കർ അറിയിച്ചു. വിദേശത്തു കഴിയുന്ന ഇന്ത്യക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിൽ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് ജയശങ്കർ വ്യക്തമാക്കി.

✪✪✪

തെരഞ്ഞെടുപ്പു ബോണ്ടുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ബാങ്ക് നൽകിയ വിവരങ്ങൾ തെരഞ്ഞെടുപ്പു കമ്മീഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ബോണ്ടുകളുടെ നമ്പറും, അതു വാങ്ങിയവരുടെയും പണമാക്കിമാറ്റിയ രാഷ്ട്രീയ പാർട്ടികളുടെയും വിവരങ്ങൾ പട്ടികയിലുണ്ട്. സുപ്രീംകോടതി നിർദ്ദേശപ്രകാരമാണ് SBI ബോണ്ടിന്റെ വിശദാംശങ്ങൾ തെരഞ്ഞെടുപ്പു

കമ്മീഷന് കൈമാറിയത്. കോടതി ആവശ്യപ്പെട്ട എല്ലാ വിശദാംശങ്ങളും കമ്മീഷന് കൈമാറിയതായി SBI സുപ്രീംകോടതിയിൽ ഇന്നലെ സത്യവാങ്മൂലം നൽകിയിരുന്നു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഒൻപത് ലോക്സഭാ സ്ഥാനർത്ഥികളുടെ മൂന്നാം പട്ടിക BJP പുറത്തിറക്കി. കേന്ദ്ര സഹമന്ത്രി ഡോ L മുരുഗൻ നീലഗിരി ലോക്സഭാ മണ്ഡലത്തിൽ നിന്നും, തെലങ്കാന മുൻ ഗവർണ്ണർ തമിൾ ഇസൈ സൗന്ദർ രാജൻ ചെന്നൈ സൗത്ത് സീറ്റിൽ നിന്നും മത്സരിക്കും. മുതിർന്ന BJP നേതാവ് K അണ്ണാമല കോയമ്പത്തൂർ മണ്ഡലത്തിലാണ് ജനവിധി തേടുന്നത്.

57 സ്ഥാനാർത്ഥികളുടെ പട്ടിക കോൺഗ്രസും പുറത്തിറക്കി. അരുണാചൽപ്രദേശ് മുൻമുഖ്യമന്ത്രി നബാം തൂക്കി അരുണാചൽ വെസ്റ്റ് മണ്ഡലത്തിൽ നിന്നും, പുതുച്ചേരി മുൻ മുഖ്യമന്ത്രി വൈത്തിലിംഗം പുതുച്ചേരിയിൽ നിന്നും മത്സരിക്കും. ലോക്സഭയിലെ കോൺഗ്രസ് കക്ഷി നേതാവ് അധിർ രഞ്ജൻ ചൗധരി വെസ്റ്റ്ബംഗാളിലെ ബഹ്-രംപൂരിൽ നിന്നാണ് ജനവിധി തേടുന്നത്.

✪✪✪

ഓൺലൈൻ ചൂതാട്ട - വാതുവെപ്പ് പ്ലാറ്റ്ഫോമുകളുടെ ഉള്ളടക്കങ്ങളും പരസ്യങ്ങളും സമൂഹമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമെതിരെ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം നിർദ്ദേശം പുറപ്പെടുവിച്ചു. ഓൺലൈൻ വാതുവെപ്പും ചൂതാട്ടവും യുവാക്കളിലുണ്ടാക്കുന്ന സാമ്പത്തികവും സാമൂഹികവുമായ പ്രത്യാഘാതങ്ങൾ കണക്കിലെടുത്താണ് നിർദേശം. ഇത് പാലിക്കാത്തവർക്കെതിരെ ഉപഭോക്തൃ സംരക്ഷണ നിയമ പ്രകാരം നിയമ നടപടിയെടുക്കുമെന്നും മന്ത്രാലയം മുന്നറിയിപ്പു നൽകി.

✪✪✪

സംസ്ഥാനത്ത് അത്യുഷ്ണം തുടരുന്ന സാഹചര്യത്തിൽ പത്ത് ജില്ലകളിൽ പ്രഖ്യാപിച്ച മഞ്ഞ ജാഗ്രത ഈ മാസം 25 വരെ നീട്ടി. സാധാരണയെക്കാൾ രണ്ട് മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെ താപനില കൂടാൻ സാധ്യതയുണ്ട്.

പാലക്കാട്, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, തിരുവനന്തപുരം, എറണാകുളം, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകൾക്കാണ് ജാഗ്രതാ നിർദേശം.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഭാഗമായി സ്ഥാനാർത്ഥികളുടെ പ്രചാരണ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്ന മീഡിയ സർട്ടിഫിക്കേഷൻ ആന്റ് മോണിറ്ററിംഗ് സെൽ തിരുവനന്തപുരത്ത് പ്രവർത്തനം തുടങ്ങി. ജില്ലാകലക്ടർ ജെറോമിക് ജോർജ് ഉദ്ഘാടനം ചെയ്തു.

എറണാകുളത്തും മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം ആരംഭിച്ചു. എറണാകുളം, ചാലക്കുടി ലോക്സഭാ മണ്ഡലങ്ങളാണ് കമ്മിറ്റിയുടെ അധികാര പരിധി.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് പോളിംഗ് ഉദ്യോഗസ്ഥരുടെ നിയമന വിവരങ്ങൾ ഈ മാസം 23നകം അപ്‌ലോഡ് ചെയ്യാത്ത സ്ഥാപനമേധാവികൾക്കെതിരെ കർശന നടപടിയെടുക്കുമെന്ന് എറണാകുളം ജില്ലാ കളക്ടർ NSK ഉമേഷ് അറിയിച്ചു. എല്ലാ കേന്ദ്ര-സംസ്ഥാന - അർദ്ധ ഗവൺമെന്റ് സ്ഥാപനങ്ങളും, പൊതുമേഖലാ സ്ഥാപനങ്ങളും നിയമന വിവരങ്ങൾ അപ്-ലോഡ് ചെയ്യേണ്ടതാണ്.

✪✪✪

കോഴിക്കോട് ജില്ലയിൽ ഫ്ളയിങ് സ്ക്വാഡും ആന്റി ഡീഫേസ്മെന്റ് സ്ക്വാഡും ചേർന്ന് ഇന്നലെ 2,993 പോസ്റ്ററുകളും ബാനറുകളും മറ്റ് പ്രചരണ സാമഗ്രികളും നീക്കം ചെയ്തു. പൊതു- സ്വകാര്യ സ്ഥലങ്ങളിൽ സ്ഥാപിച്ച പ്രചാരണ സാമഗ്രികളാണ് നീക്കം ചെയ്തത്. 14,816 പ്രചാരണ സാധനങ്ങൾ ഇതുവരെ സ്ക്വാഡുകൾ നീക്കം ചെയ്തിട്ടുണ്ട്.

✪✪✪

രേഖകളില്ലാതെ കൈവശം വെച്ച അഞ്ചു ലക്ഷം രൂപ കോട്ടയ്ക്കൽ നിയോജകമണ്ഡലം ഫ്ളയിംഗ് സ്ക്വാഡ് പിടിച്ചെടുത്തു. സുതാര്യമായ തെരഞ്ഞെടുപ്പ് ഉറപ്പാക്കാൻ മലപ്പുറം ജില്ലയിൽ മൂന്ന് ഷിഫ്റ്റുകളായി 48 ഫ്ലയിംഗ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്.

✪✪✪

ലോക് സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ NDA അക്കൗണ്ട് തുറക്കുമെന്ന കാര്യത്തിൽ സംശയമില്ലെന്ന് മുൻ ചീഫ് വിപ്പ് P.C ജോർജ്ജ് പറഞ്ഞു. NDA കോഴിക്കോട് പാർലമെന്റ് മണ്ഡലം തെരഞ്ഞെടുപ്പ് കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കോഴിക്കോട് LDF ലോക്സഭ സ്ഥാനാർഥിയുടെ തെരഞ്ഞെടുപ്പ് പ്രചാരണ ഗാനങ്ങൾ ഗായകൻ V.T മുരളി പ്രകാശനം ചെയ്തു. പാട്ടും രാഷ്ട്രീയവും ഇഴചേർന്ന ചരിത്രമാണ് കേരളത്തിന്റേതെന്ന് അദ്ദേഹം പറഞ്ഞു.

കോഴിക്കോട്ടെ UDF സ്ഥാനാർത്ഥി ഇന്നലെ സാമൂതിരി PKS രാജയെ സന്ദർശിച്ചു. സ്ഥാനാർത്ഥിയുടെ മണ്ഡല പര്യടനം തുടരുകയാണ്.

✪✪✪

കണ്ണൂർ ലോക്സഭാ മണ്ഡലത്തിൽ കൺവൻഷനുകളും പര്യടനങ്ങളുമായി മൂന്ന് മുന്നണികളുടെയും പ്രചാരണം ചൂടുപിടിയ്ക്കുന്നു.

UDF കണ്ണൂർ നിയമസഭാ നിയോജക മണ്ഡലം തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് ഉച്ചയ്ക്ക് മുതിർന്ന കോൺഗ്രസ് നേതാവ് V.M. സുധീരൻ ചൊവ്വയിൽ ഉദ്ഘാടനം ചെയ്യും.

NDA കണ്ണൂർ ലോക്സഭാ തെരെഞ്ഞെടുപ്പ് കൺവെൻഷൻ വൈകീട്ട് കണ്ണൂർ സ്റ്റേഡിയം കോർണറിൽ P.C ജോർജ് ഉദ്ഘാടനം ചെയ്യും.

UDF സ്ഥാനാർത്ഥി K.സുധാകരൻ ഇന്ന് പേരാവൂർ മണ്ഡലത്തിൽ പര്യടനം നടത്തും. LDF സ്ഥാനാർത്ഥി M.V ജയരാജൻ മട്ടന്നൂർ മണ്ഡലത്തിലും, NDA സ്ഥാനാർത്ഥി C.രഘുനാഥ് കണ്ണൂർ നിയമസഭാ മണ്ഡലത്തിലും ഇന്ന് പര്യടനം നടത്തും.

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റ് 17-ാം സീസൺ മൽസരങ്ങൾ ഇന്ന് ആരംഭിക്കും. ചെന്നൈ ചിദംബരം സ്റ്റേഡിയത്തിൽ രാത്രി എട്ടിന് ഉദ്ഘാടന മൽസരത്തിൽ നിലവിൽ ചാമ്പ്യന്മാരായ ചെന്നൈ സൂപ്പർ കിംഗ്സ്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും. ചെന്നൈ സൂപ്പർ കിംഗ്സിന്റെ ക്യാപ്റ്റൻ സ്ഥാനം ധോണി, ഋതുരാജ് ഗെയ്ക്വാദിന് കൈമാറിയിരുന്നു.

✪✪✪

സ്വിറ്റ്സർലന്റിൽ സ്വിസ് ഓപ്പൺ ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ഇന്ത്യൻ താരങ്ങളായ കിഡംബി ശ്രീകാന്ത്, കിരൺ ജോർജ്ജ്, പ്രിയാൻഷു രജാവത്ത് എന്നിവർ ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. വനിതാ ഡബിൾസിൽ ഇന്ത്യയുടെ ഗായത്രി ഗോപീചന്ദും ട്രീസ ജോളിയും നേരത്തെ ക്വാർട്ടർ ഫൈനലിലെത്തിയിരുന്നു.

✪✪✪

പ്രൈം വോളിബോൾ മൂന്നാം സീസൺ കിരീടം കാലിക്കറ്റ് ഹീറോസിന്. ചെന്നൈ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലെ ഫൈനലിൽ നവാഗതരായ ഡൽഹി തൂഫാൻസിനെ, ഒന്നിനെതിരെ മൂന്ന് ഗോളിന് തോൽപ്പിച്ചാണ് ഹിറോസ് ജേതാക്കളായത്.

✪✪✪

സംസ്ഥാന ഗവൺമെന്റ് 4,866 കോടി രൂപയുടെ കടപത്രം പുറപ്പെടുവിക്കാൻ തീരുമാനിച്ചു. ഇതിന്റെ ലേലം ഈ മാസം 26 ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ E- കുബേർ സംവിധാനത്തിൽ നടത്തും.

✪✪✪

എടപ്പാൾ മേൽപ്പാലത്തിലെ വാഹനാപകടത്തിൽ മരണസംഖ്യ രണ്ടായി. ഇന്നലെ പുലർച്ചെ KSRTC ബസും പിക് അപ് വാനും കൂട്ടിയിടിച്ച് ഡ്രൈവർ പാലക്കാട് സ്വദേശി രാജേന്ദ്രൻ സംഭവ സ്ഥലത്ത് തന്നെ മരിച്ചിരുന്നു. പരുക്കേറ്റ് ചികിത്സയിൽ കഴിഞ്ഞിരുന്ന തിരുവനന്തപുരം സ്വദേശി സുകുമാരൻ ആണ് വൈകിട്ട് മരിച്ചത്. ബസ്സിലെ ഒൻപത് യാത്രക്കാർക്കും അപകടത്തിൽ പരിക്കേറ്റിട്ടുണ്ട്.

✪✪✪

കൊല്ലം പോരുവഴി പെരുവിരുത്തി മലനട ദുര്യോധനക്ഷേത്രത്തിലെ പ്രശസ്തമായ മലക്കുട മഹോത്സവം ഇന്ന്. മലനടഅപ്പൂപ്പന്റെ പ്രതിപുരുഷനായ ഊരാളി, കറുപ്പ് കച്ചയുടുത്ത് മലക്കുടയേന്തി മലയിറങ്ങുന്ന ആചാരവും, കൂറ്റൻ കെട്ടുകാഴ്ചകളും കാണാൻ ഒട്ടേറെ ഭക്തർ ക്ഷേത്രത്തിലെത്തും.

ചവറ കൊറ്റംകുളങ്ങര ദേവീക്ഷേത്രത്തിലെ ചമയവിളക്ക് മഹോത്സവം ഇന്നും നാളെയുമായി നടത്തും. പുരുഷൻമാർ സ്ത്രീവേഷമണിഞ്ഞ് വിളക്കെടുക്കുന്ന ആചാരത്തിൽ നൂറുകണക്കിന് ഭക്തർ പങ്കെടുക്കും.

✪✪✪